# യോനാഥാൻറെയും ദാവീദിൻറെയും ശ്രേഷ്ഠമനോഭാവം

സാക് പുന്നൻ

WFTW 12 മാർച്ച് 2017

1 ശാമുവേൽ 18ൽ, ശൗലിൻറെ മകനായ യോനാഥാന് ദാവീദിനോടുണ്ടായിരുന്ന ശ്രേഷ്ഠ മനോഭാവത്തെക്കുറിച്ചു നാം വായിക്കുന്നു. യോനാഥൻ ദാവീദിനെക്കാൾ പ്രായമുള്ളവനും രാജസിംഹാസനത്തിന് അവകാശിയുമായിരുന്നു എന്നത് സംശയമില്ലാത്ത കാര്യമാണ്. ദാവീദ് ഇപ്പോൾ യിസ്രായേലിൽ പ്രശസ്തനും തനിക്ക് ഒരു ഭീഷണിയുമായിരിക്കുന്നതിനാൽ യോനാഥാൻ ദാവീദിനെ വെറുക്കേണ്ടതായിരുന്നു. എന്നാൽ അതിനുപകരം, അവൻറെ ഹൃദയത്തിൽ ദാവീദിനോടുള്ള ഒരു നിർമ്മല സ്നേഹവും ബഹുമാനവുമാണ് നാം കാണുന്നത്. ഇതു സൂചിപ്പിക്കുന്നത് തൻറെ തന്നെ പുരോഗതിയെക്കാൾ അധികം ദൈവത്തിൻറെ മഹത്വത്തിനും യിസ്രായേലിൻറെ നന്മയിലും താൽപ്പര്യം ഉള്ളവനായിരുന്നു യോനാഥാൻ എന്നതാണ്. തൻറെ പിതാവായ ശൗലിനെ ബാധിച്ചിരുന്ന അസൂയയുടെ ഒരംശം പോലും അവനുണ്ടായിരുന്നില്ല. അവൻറെ ഹൃദയം ദാവീദിനോട് ഇഴുകി ചേർന്നിരുന്നു. അവൻ തൻറെ രാജവസ്ത്രങ്ങളും, തൻറെ വാളും, തൻറെ വില്ലും ദാവീദിനു കൊടുത്തു. അതിലൂടെ അവൻ ഇപ്രകാരം പറയുകയായിരുന്നു,' ഇദാ ദാവീദേ. ഇതെല്ലാം നിനക്കുതന്നതിലൂടെ ഞാൻ സൂചിപ്പിക്കുന്നത് നീയാണ് സിംഹാസനത്തിൻറെ ( രാജവസ്ത്രത്തിൻറെ)ശരിയായ അവകാശി തന്നെയുമല്ല ഞാൻ ഒരിക്കലും നിനക്കെതിരായി യുദ്ധം ( വാളും, വില്ലും) ചെയ്യുകയുമില്ല. ഞാൻ എന്നെ തന്നെ നിനക്കുവിധേയപ്പെടുത്തുന്നു. (1ശമുവേൽ 18:4). യോനാഥാൻ എത്രനല്ല ഒരു യുവാവായിരുന്നു. 1 ശമുവേൽ 14 ൽ ഫെലിസ്ത്യരെ ജയിക്കുവാൻ തക്കവണ്ണം യോനാഥാന് ദൈവത്തിലുണ്ടായിരുന്ന വിശ്വാസത്തെക്കുറിച്ച് നാം വായിക്കുന്നു. അസൂയയിൽ നിന്നുള്ള പൂർണ്ണസ്വാതന്ത്ര്യവും ദൈവം അഭിഷേകം ചെയ്തവനെ തിരിച്ചറിയുവാനുള്ള വിവേചനവും അവനുണ്ടായിരുന്നു എന്ന് നാം ഇവിടെ കാണുന്നു.

ഒരു മൂത്ത സഹോദരന് തന്നെക്കാൾ ഇളയ ഒരു സഹോദരൻറെ മേലുള്ള ദൈവത്തിൻറെ അഭിഷേകം തിരിച്ചറിയുവാനും ശുശ്രൂഷയിൽ തനിക്കു മീതെ മുന്നേറുവാൻ അവനെ അനുവദിക്കുവാനും കഴിഞ്ഞാൽ അതു വളരെ അത്ഭുതകരമായിരിക്കും. അതിനൊരു മനോഹരമായ ഉദാഹരണമാണ് നാം ബർന്നബാസിൽ കാണുന്നത്. ദൈവം 'ബർണബാസിനെയും ശൗലിനെയും' തൻറെ വേലയ്ക്കായി വിളിക്കുന്നത് അപ്പൊപ്ര, 13:2 ൽ നാം വായിക്കുന്നു. ബർന്നബാസ് ശൗലിനെക്കാൾ മുൻപനും പ്രായമുള്ളവനുമായിരുന്നു, അതുകൊണ്ട് അവൻറെ പേര് ആദ്യം വന്നത് തികച്ചും സ്വാഭാവികം മാത്രമാണ്. എന്നാൽ വളരെ പെട്ടന്നുതന്നെ, ഇത് 'പൗലോസും ബർന്നബാസും' ആയി മാറി ( വാ. 42). എങ്ങനെ? തൻറെ ഇളയ സഹോദരനായ പൗലൊസിൽ തന്നിലുള്ളതിനെക്കാൾ വലിയ ഒരഭിഷേകം ബർന്നബാസ് കണ്ടപ്പോൾ അദ്ദേഹം കൃപയോടെ പിന്നിലേക്ക് മാറി. യോനാഥനെയും ബർന്നബാസിനെയും പോലെ, സ്വന്തം അന്വേഷിക്കാത്ത, എന്തെല്ലാമായാലും ഒട്ടും അസൂയയില്ലാത്ത, എന്നാൽ അതിനുപകരം ദൈവത്തിൻറെ മഹത്വം മാത്രം അന്വേഷിച്ചു കൊണ്ട്, കൂടുതൽ ശക്തമായ അഭിഷേകം ഉള്ള ഇളയസഹോദരന്മാരെ പിൻതാങ്ങുവാൻ തിടുക്കമുള്ള അധികം പേർ യേശുക്രിസ്തുവിൻറെ സഭയിൽ ഉണ്ടായിരുന്നെങ്കിൽ അത് ഈ ഭൂമിയിൽ എത്ര ശക്തിയുള്ള ഒരു അധികാരമായിരുന്നേനെ.

1ശമുവേൽ 24:45 ൽ ദാവീദിൻറെ കാരുണ്യത്തിനു വിധേയമായി ശൗലിനെ കൈയ്യിൽ കിട്ടിയപ്പോൾ ദാവീദ് ശൗലിൻറെ ജീവൻ സംരക്ഷിച്ചതിൽ നിന്ന് അവൻറെ ശ്രേഷ്ഠ മനോഭാവം നാം കാണുന്നു. വാസ്തവത്തിൽ ശൗലിൻറെ മേലങ്കിയുടെ ഒരു ചെറിയ കഷണം മുറിച്ചെടുത്തതിൽ ദാവീദിന് പിന്നീട് മനസ്സാക്ഷിക്കുത്തുണ്ടായി. തനിക്ക് വേണമെങ്കിൽ അദ്ദേഹത്തെ കൊല്ലുവാൻ കഴിയുമായിന്നു എന്ന് ശൗലിനെ കാണിക്കുവാൻ വേണ്ടി

മത്രമായിരുന്നു അവൻ അതു ചെയ്തത്. .ഇതു കേട്ടപ്പോൾ ശൗൽ പൊട്ടിക്കരഞ്ഞിട്ട് വീട്ടിലേക്ക് പോയി, എന്നാൽ കുറച്ചു നാൾ കഴിഞ്ഞപ്പോൾ ശൗൽ വീണ്ടും ദാവീദിനെ വേട്ടയാടാൻ തുടങ്ങി (1 ശമുവേൽ 26:2). അസൂയ, കോപം,വെറുപ്പ് ഇവയെ വേണ്ടവിധം കൈകാര്യം ചെയ്തില്ലെങ്കിൽ കടൽപുറത്തെ തിരകൾ പോലെ വീണ്ടും വീണ്ടും തിരിച്ചു വരാനുള്ള സാധ്യത ഉണ്ട്.

1ശമുവേൽ 30ൽ, ദാവീദ് തന്നെത്തന്നെ ബുദ്ധിമുട്ടുള്ള ഒരു സാഹചര്യത്തിലാണ് എന്നു കണ്ടു. അവനും അവൻറെ ആളുകളും യുദ്ധത്തിനു പോയിരുന്നപ്പോൾ അമാലേ ക്യർ വന്ന് ജനത്തിൻറെ കുടുംബങ്ങൾ പാർത്തിരുന്ന പട്ടണം നശിപ്പിക്കുകയും അവരുടെ കുടുംബങ്ങളെ അടിമകളായി പിടിച്ചു കൊണ്ടുപോകുകയും ചെയ്തു. എല്ലാ പുരുഷന്മാരും ഉച്ചത്തിൽ വിലപിക്കുവാനും അവരുടെ പ്രശ്നങ്ങൾക്ക് ദാവീദിനെ കുറ്റപ്പെടുത്തുവാനും തക്കവണ്ണം സാഹചര്യം വഷളായിതീർന്നു. അവർ ദാവീദിനെ കല്ലെറിഞ്ഞു കൊല്ലുവാൻ ആഗ്രഹിച്ചു ( വാ: 6). എന്നാൽ അതിനുശേഷം നാം വായിക്കുന്നത് ഈ മനോഹരമായ വാക്കുകൾ ആണ്; ' എന്നാൽ ദാവീദ് തൻറെ ദൈവമായ യഹോവയിൽ ശരണപ്പെട്ട് ബലം പ്രാപിച്ചു' (വാ. 6). നമ്മുടെ സ്നേഹിതർ പോലും നമുക്കെതിരെ തിരിയുമ്പോൾ, നമുക്ക് പിൻതുടരുവാൻ പറ്റിയ എത്ര നല്ല മാതൃകയാണിത്. ദാവീദ് പിന്നെയും യഹോവയോട് ആലോചന ചോദിക്കുകയും യഹോവയിൽ നിന്ന് അമാലേ ക്യരെ പിൻതുടരുവാനുള്ള അരുളപ്പാടും സകലത്തെയും അവൻ വീണ്ടെടുക്കും എന്നുള്ള ഉറപ്പും അവന് ലഭിക്കുകയും ചെയ്തു. (വാ:8). എന്നാൽ അമാലേക്യരെ കണ്ടുപിടിക്കുവാൻ ഏത് ദിശയിൽ പോകണമെന്ന് ദാവീദിന് അറിയില്ലായിരുന്നു. ദൈവം അവനെ എപ്രകാരം അവരുടെ അടുത്തേയ്ക്ക് നയിച്ചു എന്നു കാണുന്നത് വളരെ ആശ്ചര്യകരമാണ്. അത് മൃതപ്രായനായ ഒരു അപരിചിതനോട് കാണിച്ച ദയാപൂർവ്വമായ ഒരു എളിയ പ്രവൃത്തിയിലൂടെ ആയിരുന്നു. ദാവീദും അവൻറെ ആളുകളും അർദ്ധപ്രാണനായി, അബോധാവസ്ഥയിൽ കിടക്കുന്ന ഒരു ഈജിപ്തുകാരനെ വിജനപ്രദേശത്തു കണ്ടെത്തി. അവർ അയാളെ പരിചരിക്കുകയും അയാൾക്ക് തിന്മാനും കുടിപ്പാനും കൊടുക്കുകയും ചെയ്തു. അയാൾക്ക് ജീവൻ വീണ്ടുകിട്ടിയപ്പോൾ, രോഗിആയതിനാൽ അമാലേക്യർ വയലിൽ ഉപേക്ഷിച്ച ഒരടിമയാണ് അയാൾ എന്ന് അവർ മനസ്സിലാക്കി ( 1ശമുവേൽ 30:11-13). അയാളാണ് പിന്നീട് ദാവീദിനെ അമാലേക്യരുടെ അടുത്തെത്തിച്ചത്. അപരിചിതരോട് നാം കരുണയുള്ളവരാകുമ്പോൾ ദൈവം എപ്രകാരമാണ് നമുക്ക് പ്രതിഫലം തരുന്നതെന്ന് ഇതു നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ ദാവീദ് അമാലേക്യരെ കണ്ടെത്തുകയും അവരെ തോൽപ്പിക്കുകയും ചെയ്തു. അതിനുശേഷം അമാലേക്യർ മോഷ്ടിച്ചു കൊണ്ടുപോയത് ' സകലവും ദാവീദ് വീണ്ടെടുത്തു' എന്ന് മൂന്നു പ്രാവശ്യം അവിടെ എഴുതിയിരിക്കുന്നു. ( 1ശമുവേൽ 30:18-20) സാത്താൻ തമ്മിൽ നിന്ന് മോഷ്ടിച്ചിട്ടുള്ള സകലത്തെയും യേശു വീണ്ടെടുക്കുന്നതിൻറെ മനോഹരമായ ഒരു ചിത്രം!

യുദ്ധം കഴിഞ്ഞ് ദാവീദ് പാളയത്തിലേയ്ക്ക് തിരിച്ചു ചെന്നപ്പോൾ, യുദ്ധത്തിന് ദാവീദിനെ അനുഗമിക്കാൻ കഴിയാതവണ്ണം പരീക്ഷീണരായിരുന്നു 200 ആളുകൾ അവിടെ ഉണ്ടായിരുന്നു, അവർ ദാവീദിൻറെ സാധനസാമഗ്രികൾ സൂക്ഷിച്ചുകൊണ്ട് പിന്നിൽ തങ്ങിയിരുന്നു. യുദ്ധം ചെയ്യാത്തവർക്ക് നാം കൊണ്ടുവന്ന കൊള്ളയുടെ ഓഹരികൊടുക്കരുതെന്ന് ദാവീദിൻറെ അനുചരന്മാരിൽ ദുഷ്ടന്മാരും നീചരുമായവർ പറഞ്ഞു. എന്നാൽ ഇവിടെ ദാവീദിൻറെ ഹൃദയ വിശാലത നാം കാണുന്നു. യുദ്ധത്തിനു പോകുന്നവനും സാധനസാമഗ്രികൾ സൂക്ഷിക്കുവാൻ ഭവനത്തിൽ തങ്ങിയവനും കൊള്ളയുടെ ഓഹരി തുല്യമായി വീതിച്ചു കൊടുക്കണം എന്ന് അദ്ദേഹം പറഞ്ഞു. അന്നുമുതൽ ഇന്നുവരെയും ഇത് യിസ്രായേലിന് ഒരു ചട്ടവും നിയമവും ആയിതീർന്നു.( 1 ശമുവേൽ 30:21-25).